**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2003** **01-09-2022 - ൽ മറുപടിയ്ക്ക്**

**പ്രവാസി ഡിവിഡന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന പ്രവാസി ഡിവിഡന്റ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുമായി കേരള സർക്കാർ ആവിഷ്കരിച്ച ദീർഘകാല നിക്ഷേപ പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡാണ് കിഫ്ബിയുടെ സഹകരണത്തോടെ പദ്ധതി നടപ്പാക്കുന്നത്. നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസി കേരളീയർക്കും ജീവിത പങ്കാളിക്കും ആജീവനാന്തം പ്രതിമാസ സുരക്ഷിത വരുമാനം ഉറപ്പ് നൽകുന്ന പദ്ധതിയാണിത്. 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെ നിക്ഷേപിക്കാവുന്ന ഈ പദ്ധതിയിൽ നിക്ഷേപകർക്ക് നിക്ഷേപ തീയതി മുതൽ 3 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് 10% വാർഷിക നിരക്കിലുള്ള ഡിവിഡന്റ് പ്രതിമാസം ലഭ്യമാക്കുന്നു. ആദ്യ മൂന്നു വർഷങ്ങളിലെ ഡിവിഡന്റ്, നിക്ഷേപ തുകയോടൊപ്പം കൂട്ടി ചേർത്ത തുകയ്ക്കാണ് ഇപ്രകാരം ഡിവിഡന്റ് നൽകുന്നത്. നിക്ഷേപകരുടെ കാലശേഷം ജീവിത പങ്കാളിക്ക് ഡിവിഡന്റ് ലഭ്യമാകും. പങ്കാളിയുടെ കാലശേഷം നിക്ഷേപകരുടെ നോമിനിക്ക് ആദ്യ മൂന്ന് വർഷത്തെ ഡിവിഡന്റ് സഹിതം നിക്ഷേപത്തുക തിരികെ നൽകുന്നതാണ്. പ്രവാസികൾക്ക് സാമ്പത്തിക സുരക്ഷയോടൊപ്പം സാമൂഹ്യ പരിരക്ഷയും ഉറപ്പാക്കുന്ന പദ്ധതിയാണ് ഇത്. ഇതുമായി ബന്ധപ്പെട്ട് 300 കോടിയിൽ പരം രൂപ നിക്ഷേപമായി സ്വീകരിക്കുകയും ആയത് കിഫ്ബിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ